## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94 01-12-2014-ൽ മറുപടിയ്ക്ക്

### മദ്യ ഉപഭോഗം

ചോദ്യം: ഉത്തരം:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പഞ്ചനക്ഷത്ര ബാറുകളല്ലാത്ത വയെല്ലാം അടച്ചുപൂട്ടുക വഴി മദ്യ ഉപഭോഗത്തിൽ എത്ര ശതമാനം കുറവ് വരുമെന്നാണ് പ്രതീക്ഷി ക്കുന്നതെന്നു വിശദമാക്കാമോ; | (എ) | 2014-15 സാമ്പത്തികവർഷത്തിലെ മദ്യനയം സർക്കാർ പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന 2014 സെപ്റ്റംബർ, 2014 ഒക്ടോബർ മാസ ങ്ങളിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെ ടുത്തുകയുണ്ടായി. വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു. |
| (ബി) | വില്പന കേന്ദ്രത്തിലൂടെയും പഞ്ച നക്ഷത്ര ഹോട്ടലുകളിലൂടെയും ബിവറേജസ് കോർപ്പറേഷൻ മുൻ വർഷം എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; | (ബി) | ബിവറേജസ് കോർപ്പറേഷൻ വഴി - 6768.64 കോടി രൂപയുടെ മദ്യ വില്പനയും, പഞ്ചനക്ഷത്ര ഹോട്ട ലുകൾ വഴി 3.21 കോടി രൂപയുടെ മദ്യ വില്പനയും നടന്നിട്ടുണ്ട്. |
| (സി) | ഇപ്പോൾ അടച്ചു പൂട്ടാൻ തീരുമാനിച്ച ബാറുകൾ വഴി പ്രസ്തുത കാലയളവിൽ വിൽപന നടത്തിയിരുന്നതു എത്ര കോടി രൂപയുടെ മദ്യമായിരുന്നു; വിശദാം ശങ്ങൾ വെളിപ്പെടുത്താമോ; | | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ബാറുകൾ അടച്ചു പൂട്ടിയ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ബിവ റേജസ് കോർപ്പറേഷൻെറ വില്പന കേന്ദ്രത്തിലൂടെയുള്ള മദ്യ വിൽപ നയിൽ വർധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വർധനവ് എത്ര ശതമാനമാണെന്ന് വെളിപ്പെടു ത്താമോ ? | | വിശദാംശം 'ബി' യും 'സി' യും അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 'ഉ'

## ഇന്ത്യൻ നിർമ്മിതവിദേശമദ്യത്തിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ

(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014-15 | 2013-14 | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|
| സെപ്റ്റംബർ | 17.72 | 21.15 | - 3.43 | - 16 |
| ഒക്ടോബർ | 17.15 | 21.13 | - 3.98 | - 19 |

## ബിയറിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ

(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014-15 | 2013-14 | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|
| സെപ്റ്റംബർ | 6.89 | 8.16 | - 1.27 | - 16 |
| ഒക്ടോബർ | 5.51 | 8.37 | - 2.56 | - 34 |

ശരിപ്പകർപ്പ്

സെക്ഷൻ ഓഫീസർ.

അനുബന്ധം- 'ബി'

ബാറുകൾ അടച്ചുപൂട്ടിയ കാലയളവിലും ബാറുകൾ അടച്ചുപൂട്ടുന്നതിനു മുൻപും ബിവറേജസ് കോർപ്പറേഷന്റെ വില്പന കേന്ദ്രത്തിലൂടെ (എഫ്.എൽ-1 ചില്ലറ വില്പനശാല, എഫ്.എൽ-9 വെയർഹൗസുകൾ) വിറ്റ മദ്യത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

## വില്പന നടത്തിയ മദ്യത്തിന്റെ കണക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ

| വർഷം | എഫ്.എൽ.1 ചില്ലറവിൽപ്പന ശാലകൾ വഴിയുള്ള വില്പന (രൂപ കോടിയിൽ) | എഫ്.എൽ. 9 വെയർ ഹൗസ് വഴിയുള്ള വില്പന (രൂപ കോടിയിൽ) | കോർപ്പറേഷൻ മുഖേനയുള്ള വില്പന (രൂപ കോടിയിൽ) |
|---|---|---|---|
| 2013-14 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) | 3885.63 | 1492.75 | 5378.38 |
| 2014-15 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) | 4561.16 | 1170.31 | 5731.47 |
| 2014-15 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ ഉള്ള വില്പന വർദ്ധന മുൻവർഷവുമായ താരതമ്യം ചെയ്ത് | 675.53 (17%) | 322.44 (- 23%) കുറവ് | 353.09 (7%) |

എഫ്.എൽ.1 ചില്ലറ വില്പന ശാലയിലെ വില്പന മുൻവർഷത്തെ അപേക്ഷിച്ച് കൂടുന്നതായി കാണാം.

25/11

അനുബന്ധം - 'സി'

വില്പന നടത്തിയ മദ്യത്തിന്റെ കണക്ക് അളവിന്റെ അടിസ്ഥാനത്തിൽ (ഏപ്രിൽ മുതൽ ഒക്ടോബർ വരെ)

(കെയ്സുകൾ ലക്ഷത്തിൽ)

| ഇനം | 2013-14 | 2014-15 | കുറവ് | കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| ഇന്ത്യൻ വിദേശ നിർമ്മിത മദ്യം | 141.83 | 133.30 | - 8.53 | 8 % |
| ബിയർ | 59.00 | 52.45 | - 6.55 | 11% |

കോർപ്പറേഷൻ മുഖേന വില്പന നടത്തിയ മദ്യത്തിന്റെ കണക്ക് അളവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ബിയറിന്റെ വില്പന മുൻവർഷത്തെ അപേക്ഷിച്ച് 11% വും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന 6% വും കുറഞ്ഞിട്ടുണ്ട്.